

■ എറണാകുളത്ത് നടന്ന ചടങ്ങിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് അപകട ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ. ബാബു നിർവഹിക്കുന്നു.

# ഈ വർഷം മുതൽ നീര ഉൽപാദനം ആരംഭിക്കും: മന്ത്രി കെ. ബാബു

കൊച്ചി: സംസ്ഥാനത്ത് ഈ വർഷം മുതൽ നീര ഉൽപാദനം ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചതായി എക്സൈസ് മന്ത്രി കെ. ബാബു പറഞ്ഞു. 14 ജില്ലകളിലും ഒരു യൂണിറ്റായ 1500 തെങ്ങു വീതം ചെത്തിയാകും നീര ഉദ്പാദിപ്പിക്കുക. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ രണ്ട് യൂണിറ്റ് വീതവും ചെത്തും. ഈ മൂന്ന് ജില്ലകളിൽ നിലവിലുള്ള ചെത്തുതൊഴിലാളികളെ ഉപയോഗിച്ചാവും തെങ്ങ് ചെത്തുക.

കള്ള് ചെത്ത് തൊഴിലാളികൾക്കുള്ള അപകട അഷ്വറൻസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നീര ഉൽപാദനത്തിന് ചെത്ത് തൊഴിലാളികളെ ലഭിക്കാതായാൽ കേന്ദ്ര സർക്കാർ സ്ഥാപനമായ നാളീകേര വികസന ബോർഡ് പരിശീലനം നല്കിയ ടെക്നീഷ്യൻമാരെ ഉപയോഗിക്കും. ചെത്ത് തൊഴിലാളികളെ വിശ്വാസത്തിലെടുത്ത് മാത്രമേ നീര ഉൽപാദനം നടത്തൂ. നീരയുടെ കാര്യത്തിൽ ചെത്ത് തൊഴിലാളികൾക്ക് പ്രയാസമുണ്ടാകുന്ന ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. വ്യാജക്കള്ളിനെതിരെ കർശന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഇതിന്റെ പരിശോധനയ്ക്കായി ഈ വർഷം രണ്ട് മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കും. കള്ള് വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഷാപ്പുകളുടെ കാലാവധി മൂന്ന് വർഷമാക്കി നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന ഷാപ്പുകളിലെ ചെത്തുതൊഴിലാളികൾക്ക് ഓണത്തിനു പ്രത്യേക സഹായം ലഭ്യമാക്കും. കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ നല്കാനുള്ള ഗ്രാന്റിന്റെ കുടിശിക വേഗത്തിൽ ലഭ്യമാക്കുന്നതിന് മുഖ്യമന്ത്രിയുമായും ധനകാര്യ മന്ത്രിയുമായും ചർച്ച നടത്തി ഉടൻ തീരുമാനം കൈക്കൊള്ളുമെന്നും മന്ത്രി പറഞ്ഞു. ഇൻഷ്വറൻസ് പദ്ധതിയുടെ പോളിസി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ഡെപ്യൂട്ടി ജനറൽ മാനേജർ ഡോ. സി. ജെ. ഫിലിപ്പ് മന്ത്രി കെ. ബാബുവിന് നല്കി നിർവഹിച്ചു.

എറണാകുളം ഗംഗോത്രി ഹാളിൽ നടന്ന ചടങ്ങിൽ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ .എൻ.അഴകേശൻ അധ്യക്ഷത വഹിച്ചു.

ഹൈബി ഈഡൻ എം.എൽ.എ, മുൻ മന്ത്രി കെ.പി. രാജേന്ദ്രൻ, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ഡെപ്യൂട്ടി ജനറൽ മാനേജർ ഡോ. സി.ജെ. ഫിലിപ്പ്, മുൻ ചെയർമാൻ കെ.എൻ. സുധാകരൻ, ബോർഡ് ഡയറക്ടർമാരായ ടി.എൻ. രമേശൻ, പി.പി. കരുണാകരൻ മാസ്റ്റർ, തോപ്പിൽ സായ്, എ.ബി. ഉണ്ണി, സംസ്ഥാന കള്ള് ചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ ജനറൽ സെക്രട്ടറി റ്റി.കൃഷ്ണൻ, ബി.എം.എസ് സംസ്ഥാന പ്രസിഡന്റ് എം.കെ.ഉണ്ണികൃഷ്ണൻ, പി. എൻ. സീനുലാൽ, ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ സി. സെൽവരാജ് സംസാരിച്ചു.